## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ:3774 — 17/12/2015- ൽ മറുപടിയ്ക്ക്

## വനം വകുപ്പിൽ സ്ഥിരപ്പെടുത്തിയ താല്ക്കാലിക ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ എത്ര താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും എത്ര വർഷം താത്കാലികമായി ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ 116 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതിൽ 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലിക അടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്തു വന്നിരുന്ന 105 പേരും, 18 വർഷം താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കിയ ഒരാളും, പരിസ്ഥിതി പ്രവർത്തകനും, വന്യജീവി സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ട 7 വർഷം താൽക്കാലികമായി ജോലി നോക്കി വന്നിരുന്ന ഒരാളും 8 വർഷത്തിലേറെക്കാലമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന 9 ആനപാപ്പാന്മാരും ഉൾപ്പെടുന്നു. |
| (ബി) ഏതെല്ലാം തസ്തികയിലാണ് താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലിക അടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്തു വന്ന 105 പേരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിലും, വന്യജീവി സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ട 7 വർഷം താൽക്കാലികമായി ജോലി നോക്കി വന്നിരുന്ന ഒരാളെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിലും, 18 വർഷം താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കിയ ഒരാളെ ക്ലാർക്ക് തസ്തികയിലും 9 പേരെ ആനപാപ്പാൻ തസ്തികയിലുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി താൽക്കാലിക |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നവരുടെ സേവനം വനം വകുപ്പിന് തുടർന്നും ആവശ്യമാണെന്ന് ബോധ്യപ്പെട്ടവരെയാണ് സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡമാക്കിയത്. വനംവകുപ്പിൽ പരിചയ സമ്പന്നരായ ആനപാപ്പാന്മാരുടെ അഭാവത്തിലാണ് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന പാപ്പാന്മാരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചത്. |
| (സി) | പ്രസ്തുത ജീവനക്കാരിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പരാതി ലഭിച്ചിരുന്നോ; ആയത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) ഉണ്ട്, ആയത് പരിശോധിച്ചു വരുന്നു. |
| (ഡി) | താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇനിയും എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും ആയത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 99 താൽക്കാലിക ജീവനക്കാരുടെ അപേക്ഷ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**